**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11/07/2018 ലെ ഒ.എ (ഇകെഎം) 1376/18 നമ്പർ ഉത്തരവ് പാലിച്ച് മലപ്പുറം ജില്ലയിലെ കാവന്നൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം. അന്തർജില്ലാ സ്ഥലംമാറ്റത്തിനായി സമർപ്പിച്ച അനക്സർ എ 14 അപേക്ഷയിലെ ആവശ്യത്തിന്മേൽ നിർദേശം പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 3104/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 06/12/2018**

---

പരാമർശം : 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11/07/2018 ലെ ഒ.എ (ഇകെഎം) 1376/18 നം. ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 13.09.2018 ലെ PAN/21869/18-E14- (DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കാവന്നൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ നം.1376/18 ൽ ബഹു. ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകനേയും 6-ാം എതിർകക്ഷിയേയും നേരിൽ കേട്ട് അനക്സർ എ 14 നിവേദനത്തിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചിരുന്നു. ശ്രീ.റഷീദ്.കെ.എം ടിയാന് വയനാട് ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 25/06/2018 ലെ നിവേദനമാണ് അനക്സർ എ 14.

അനക്സർ എ 14 നിവേദനത്തിൽ ശ്രീ.റഷീദ്കെ.എം താഴെ പറയുന്ന വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പി.എസ്.സി മലപ്പുറം ജില്ലാ ആഫീസറുടെ നിയമന ശിപാർശയെ തുടർന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം കാവന്നൂർ ഗ്രാമപഞ്ചായത്തിൽ എൽ.ഡി.വി.ഡ്രൈവറായി നിയമനം ലഭിക്കുകയും ചെയ്ത ശ്രീ.റഷീദ്കെ.എം അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 23/07/2015 ൽ ഉചിത മാർഗേന സമർപ്പിച്ച അപേക്ഷ ടിയാന്റെ നിയമനം ക്രമവൽക്കരിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തി നിരസിക്കുകയുണ്ടായി. 17/02/2016 ലെ ഡി3-4250/2013 നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ നിയമനം ക്രമവൽക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷയിൽ ഇലക്ഷനുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് രേഖപ്പെടുത്തി മടക്കി. 25/08/2016 പ്രാബല്യത്തിൽ ടിയാന്റെ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും പഞ്ചായത്ത് ഡയറക്ടറുടെ 24/10/2016 ലെ ഇ 14-10/2016 നമ്പർ ഉത്തരവ് പ്രകാരം ഡ്രൈവർ തസ്തികയിൽ റേഷ്യോ പ്രമോഷൻ അനുവദിക്കുയും ചെയ്തു. 02/11/2016 ൽ ടിയാൻ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി സമർപ്പിച്ച മൂന്നാമത്തെ അപേക്ഷ കവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത അപേക്ഷ പരിഗണിച്ചത് സംബന്ധിച്ച് ടിയാന് നാളിതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇതിനെത്തുടർന്ന് വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ

ഡ്രൈവറായ ശ്രീ.അബ്ദുൾ ഗഫൂറും, മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ ഗ്രേഡ് 1 ഡ്രൈവറായ ശ്രീ.റഷീദ് കെ.എം. ഉം മ്യൂചൽ ട്രാൻസ്ഫറിനായി അപേക്ഷ സമർപ്പിക്കുയും ചെയ്തു. പ്രസ്തുത അപേക്ഷ സർക്കാർ പരിഗണിക്കുകയും ശ്രീ.റഷീദിന് ഡ്രൈവർ ഗ്രേഡ് 1 ആയി റേഷ്യോ പ്രമോഷൻ അനുവദിച്ചതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം എൻട്രികേഡറിൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന നിർദ്ദേശത്തോടെ നിരസിച്ചു. താൻ വയനാട് ജില്ലയിൽ സ്ഥിരമായി താമസിച്ചുവരുന്നയാളാണെന്നും പ്രായമായതും ഓർമ്മക്കുറവുള്ളതുമായ, പരസഹായം ആവശ്യമുള്ള ഉമ്മയെക്കൂടാതെ ഭാര്യയും, മൂന്ന് പെൺകുട്ടികളും അടങ്ങുന്നതാണ് തന്റെ കുടുംബമെന്നും, തന്റെ കുടുംബത്തിന്റെ സുരക്ഷയ്ക്കായും. ഉമ്മയുടെ പരിചരണത്തിനായും വീട്ടിൽ താമസിക്കേണ്ടത് അനിവാര്യമാണെന്നും ദിവസവും 130 കിലോമീറ്ററിലധികം യാത്രചെയ്താണ് ജോലിയ്ക്കായി ഓഫീസിൽ ഹാജരായി കൃത്യനിർവ്വഹണം നടത്തുന്നതെന്നും ആയതിന് നാളിതുവരെ യാതൊരുവിധത്തിലുള്ള മുടക്കവും വരുത്തിയിട്ടില്ലെന്നും തനിക്ക് അർഹതപ്പെട്ട അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാതെ തനിക്ക് ശേഷം ജോലിയിൽ പ്രവേശിച്ചിട്ടുള്ളയാളും, കോഴിക്കോട് ജില്ലയിൽ സ്ഥിരതാമസക്കാരനുമായ മറ്റൊരാൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ സ്ഥലംമാറ്റം അനുവദിച്ച് നൽകിയത് സാധാരണക്കാരനായ തന്നെ വളരെയധികം മാനസികമായി ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടെന്നും തനിക്ക് നീതിനിഷേധം മൂലം അനുഭവിക്കേണ്ടി വന്ന കഷ്ടനഷ്ടങ്ങളും മാനസിക പ്രയാസവും മനസ്സിലാക്കി തനിക്ക് വയനാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് ആവശ്യമായ ഉത്തരവുണ്ടാകണമെന്ന് ശ്രീ.റഷീദ്.കെ.എം. അപേക്ഷിച്ചു.

ബഹു. കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകനേയും 6-ാം എതിർകക്ഷിയായ വൈത്തിരി ഗ്രാമപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ. ഉണ്ണിമോയിയേയും നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ ശ്രീ.റഷീദ്.കെ.എം. ചുവടെ ചേർക്കും പ്രകാരം അറിയിക്കുകയുണ്ടായി. കാവനൂർ പഞ്ചായത്തിൽ നിന്നും ശ്രീ.ഉണ്ണിമോയിയുടെ വീട്ടിലേയ്ക്കുള്ള ദൂരം അരമണിക്കൂർ യാത്രയാണ്. നിലവിൽ വയനാട്ടിലേയ്ക്ക ടിയാൻ പോയിവരാൻ രണ്ട് മണിക്കൂറിലേറെയാണ് എടുക്കുന്നത്. താൻ നിലവിൽ 74 കിലോമീറ്റർ യാത്ര ചെയ്ത് വൈത്തിരിയിൽ നിന്ന് കാവനൂർ വന്നുപോകുന്നത് രണ്ടര മണിക്കൂർ യാത്ര ചെയ്താണ്. ഒരു സമവായമെന്ന നിലയിൽ പരസ്പരം ട്രാൻസ്ഫർ അനുവദിച്ചാലും ഉപകാരമാകുമെന്ന് അറിയിക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ, താൻ വൈത്തിരി പഞ്ചായത്തിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് 2 ആയി ജോലി നോക്കിവരികയാണെന്നും, തന്റെ പ്രൊബേഷൻ ഇതേവരെ ഡിക്ലയർ ചെയ്തിട്ടില്ലെന്നും, മലപ്പുറം ജില്ലയിലെ കാവനൂർ പഞ്ചായത്തിൽ ജോലി ചെയ്യുന്ന റഷീദ് എന്നയാൾ വൈത്തിരി പഞ്ചായത്തിൽ സ്ഥിരതാമസക്കാരനുമാണെന്നും റഷീദ് എന്നയാൾ ട്രൈബ്യൂണലിൽ പരാതി ബോധിപ്പിച്ചത് പ്രകാരം ഉത്തരവ് നടപ്പിലാക്കുന്നതിന് വേണ്ടി തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് തന്റെ ജില്ലയായ കോഴിക്കോടിലേയ്ക്ക് ട്രാൻസ്ഫർ അനുവദിച്ചതന്നാൽ അത് സ്വീകരിക്കാൻ താൻ തയ്യാറാണെന്ന് ശ്രീ.ഉണ്ണിമോയി എഴുതി സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.റഷീദ് കെ..എം. മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ 25/08/2014 ൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടിയാന്റെ സ്വദേശം വയനാട് ജില്ലയിലാകയാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിലൂടെ നിയമനം ലഭിക്കുന്നതിന് ടിയാൻ അപേക്ഷ ഉചിതമാർഗ്ഗേന സമർപ്പിച്ചിരുന്നു. ശ്രീ.ഉണ്ണിമോയി ഇടുക്കി ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ 29/09/2015 തീയതിൽ സേവനത്തിൽ പ്രവേശിച്ചു. ശ്രീ.ഉണ്ണിമോയിയുടെ മാതാവ് ടിയാന് കോഴിക്കോട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ആയതിനുമേൽ സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിനുശേഷം ശ്രീ.ഉണ്ണിമോയി വയനാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ.ഉണ്ണിമോയിയുടേയും, ശ്രീ.റഷീദ് കെ..എം. ന്റെയും അപേക്ഷ പരിഗണനയിലിരിക്കെ വയനാട് ജില്ലയിൽ ഒഴിവുണ്ടോയെന്ന് ആരായുകയും ഒരു ഒഴിവ് ഉണ്ടെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ ഗുരുതരമായ രോഗത്തിൽ ജീവിക്കുന്ന അമ്മയെ സഹായിക്കുന്നതിന് ശ്രീ.ഉണ്ണിമോയിക്ക് സ്ഥലംമാറ്റം നൽകുന്നത് അഭികാമ്യമായിരുന്നതിനാൽ പ്രസ്തുത ഒഴിവിലേയ്ക്ക് ടിയാനെ പഞ്ചായത്ത് ഡയറക്ടറുടെ 04/02/2017 ലെ ഇ 14-5505/16 -ാം നമ്പർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നു. ശ്രീ.റഷീദ് കെ..എം. ന് അടുത്തതായി വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഡ്രൈവർ തസ്തികയിൽ നിശ്ചിത ശതമാന പരിധിയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) ലെ റിപ്പോർട്ടിൽ അറിയിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.റഷീദിന് മൂന്ന് അവസരങ്ങളിലും അന്തർജില്ലാ സ്ഥലംമാറ്റം നിഷേധിക്കപ്പെട്ടത് നിയമപരമായ കാരണങ്ങളാലാണെന്നും ശ്രീ.ഉണ്ണിമോയിയുടെ കാര്യത്തിൽ ചട്ടങ്ങളെല്ലാം മറികടന്നതായും കാണുന്നു. ആയതിനാൽ തന്നെ ശ്രീ.റഷീദിന് നീതി നിഷേധിക്കപ്പെട്ടതായി ടിയാന് അനുഭവപ്പെട്ടുവാനിടയായി. നിലവിൽ എൻട്രി കേഡറിൽ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. ശ്രീ.റഷീദിന് റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ശ്രീ.റഷീദ് കെ..എം. ന് അടുത്തതായി വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഡ്രൈവർ തസ്തികയിൽ നിശ്ചിത ശതമാന പരിധിയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം. ന് വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഡ്രൈവർ തസ്തികയിൽ നിശ്ചിത ശതമാന പരിധിയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല.
ശ്രീ.റഷീദ്.കെ.എം., ഡ്രൈവർ സീനിയർ ഗ്രേഡ്, കാവനൂർ ഗ്രാമപഞ്ചായത്ത്,
മലപ്പുറം - 673639
ശ്രീ. ഉണ്ണിമോയി. വി, ഡ്രൈവർ ഗ്രേഡ് II, വൈത്തിരി ഗ്രാമപഞ്ചായത്ത്,വയനാട് - 673646
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്)**, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/163/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ